ഉത്തരം

(എ) 70 ഒഴിവുകൾ.

(ബി) 33 പേർക്ക് നിയമന ഉത്തരവ് അയച്ചിട്ടുണ്ട്. ബാക്കിയുള്ള 37 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി&ഡി) പ്രസക്തമല്ല.

**മാവൂർ സെക്ഷനിലേക്ക് മാറ്റേണ്ട പ്രദേശങ്ങൾ**

**13 (1681)** ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മാവൂർ. കെ.എസ്.ഇ.ബി സെക്ഷനിൽപ്പെട്ട വാഴക്കാട്, എടവണ്ണപ്പാറ പ്രദേശങ്ങൾ പുതുതായി പ്രവർത്തനമാരംഭിച്ച എടവണ്ണപ്പാറ ഡിവിഷനിൽ ഉൾപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മാവൂരിന്റെ പരിസരപ്രദേശങ്ങളെ സൗത്ത് അരയ്ക്കോട്, അരയങ്കോട്, അരയങ്കോട് മുക്കിൽ ഭാഗങ്ങൾ, മുക്കം സെക്ഷനിൽ നിന്ന് മാറ്റി മാവൂർ സെക്ഷനിലേക്കാക്കി മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ&ബി) ഉണ്ട്.

**കീഴാർകുത്ത് വൈദ്യുത പദ്ധതി**

**14 (1683)** ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ നിയോജകമണ്ഡലത്തിലെ ഉടുമ്പന്നൂർ പഞ്ചായത്തിലെ 'കീഴാർകുത്ത്' വൈദ്യുതി പദ്ധതിയുടെ ടെൻഡർ ആരെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ബി) പ്രസ്തുത വർക്ക് എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) മലങ്കര പവർ ഹൗസിന്റെ പണി എന്ന് പൂർത്തിയാക്കാൻ കഴിയും ; ആരാണ് പ്രസ്തുത പവർ ഹൗസിന്റെ കരാറുകാരൻ ;

(ഡി) പണി പൂർത്തിയാക്കുന്നത് സംബന്ധിച്ച കരാറിലെ കാലാവധി എന്നായിരുന്നു ;

(ഇ) കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ ഉത്തരവാദിത്വം ആർക്കാണ് എന്നറിയിക്കാമോ ;

(എഫ്) സമയത്ത് പണി പൂർത്തിയാക്കാത്തതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) പവർ ഹൗസിന്റെ കോൺട്രാക്ടർക്ക് ഇതുവരെ എന്തു തുക നൽകിയിട്ടുണ്ട് ; ഇനി പണം കൊടുക്കാനുണ്ടോ ; ഏതെങ്കിലും ഘട്ടത്തിൽ കരാർ തുകയോ ധാരണകളോ പുതുക്കി നൽകിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് സ്വീകരിച്ച അടിയന്തിര നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(എച്ച്) പ്രസ്തുത വർക്ക് ഗുണനിലവാരം ഉള്ളതാണോയെന്ന് പരിശോധിക്കുമോ ; പ്രസ്തുത വർക്ക് സംബന്ധിച്ച് അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) ഇല്ല. 15 മെഗാവാട്ട് സ്ഥാപിതശേഷി കണക്കാക്കിയിട്ടുള്ളതും ഏകദേശം 49.8 മില്യൻ യൂണിറ്റ് വൈദ്യുതി പ്രതിവർഷം ഉൽപ്പാദിപ്പിക്കുവാനും എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള കീഴാർകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് (പി.ഐ.ആർ.) മാത്രമേ തയ്യാറാക്കിയിട്ടുള്ളൂ.

(ബി) വിശദമായ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കികഴിഞ്ഞാലേ വർക്ക് എന്ന് തുടങ്ങാമെന്ന് നിശ്ചയിക്കാൻ പറ്റുകയുള്ളൂ.

(സി) ഈവർഷം അവസാനത്തോടുകൂടി പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പണിയുടെ കരാറുകാരൻ ശ്രീ. ജയ്സൻ വർഗ്ഗീസ്, മാനേജിംഗ് പാർട്ണർ, വെസ്റ്റ്കോസ്റ്റ് കോൺക്രീറ്റ്പ്രോഡക്ട്, അങ്കമാലി സൗത്ത് ആണ്.

(ഡി) 16-12-2001.

(ഇ) പണി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ ഉത്തരവാദിത്വം പൂർണ്ണമായും കോൺട്രാക്ടർക്ക് ആണ്.

(എഫ്) കരാർപ്രകാരം പണി പൂർത്തിയാക്കേണ്ടിയിരുന്ന കാലാവധി 16-12-2001 ആയിരുന്നു. എന്നാൽ ഈ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാൻ കോൺട്രാക്ടർക്ക് സാധിക്കാത്തതിനാൽ 16-12-2002 വരെയും വീണ്ടും 30-5-2003 വരെയും കരാർ കാലാവധി നീട്ടികൊടുത്തു. എന്നാൽ ഈ കാലാവധിക്കുള്ളിലും പണി പൂർത്തിയാക്കാൻ കോൺട്രാക്ടർക്ക് കഴിഞ്ഞിട്ടില്ല. അതിനാൽ 6-6-2003-ൽ കോൺട്രാക്ടർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ഇതിന് കോൺട്രാക്ടറുടെ മറുപടി ലഭിച്ചിട്ടില്ല.

(ജി) ഇതുവരെ നൽകിയിട്ടുള്ള തുക 2,04,41,578 രൂപയാണ്. ഹാജരാക്കിയ ബില്ലുകൾക്ക് പണം നൽകിയിട്ടുണ്ട്. കരാർ തുക പുതുക്കി നൽകിയിട്ടില്ല. എന്നാൽ പണി പൂർത്തിയാക്കേണ്ട കാലാവധി 30-5-2003 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്.

(എച്ച്) ഗുണനിലവാരം അപ്പപ്പോൾ ഉറപ്പുവരുത്താറുണ്ട്.

## ആലപ്പുഴ ജില്ലയിലെ മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

**15 (1684)** ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മസ്ദൂർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly